ഇതുമൂലം നഷ്ടത്തിന്റെ തോത് കുറയ്ക്കാൻ കഴിയുമെന്നുതന്നെയാണ് കരുതുന്നത്. എന്നാൽ നിശ്ചിത വരുമാനം ഇല്ലാത്ത റൂട്ടുകളിലെ സർവ്വീസുകളെല്ലാം നിറുത്തൽ ചെയ്യുക എന്ന ഒരു സമീപനം സാദ്ധ്യമല്ല. ഉദാഹരണത്തിന് വിദ്യാർത്ഥികൾക്കു വേണ്ടി നടത്തുന്ന സ്പെഷ്യൽ ബസ്സുകളും അതുപോലെ മറ്റു യാത്രാ സൗകര്യം ഇല്ലാത്ത റൂട്ടുകളിലെ സർവ്വീസുകളും തീരെ നിറുത്തുവാൻ സാധിക്കുകയില്ല. വരുമാനം കുറഞ്ഞ സർവ്വീസുകൾ പുന:സംവിധാനം ചെയ്യുകയും തീരെ കുറഞ്ഞവ നിറുത്തലാക്കുകയുമാണ് ചെയ്യുന്നത്.

പാരലൽ കോളേജിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റുകൾ

*278 [294] ശ്രീ. ത്യാഗരാജൻ:

,, കല്ലട നാരായണൻ:

,, എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരലൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ കൺസഷൻ ടിക്കറ്റുകൾ നൽകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പി. എസ്. യു. എന്ന വിദ്യാർത്ഥി സംഘടന നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഗതാഗതവകുപ്പു മന്ത്രി: (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഉണ്ട്.

(ബി) പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റുകൾ നൽകുന്ന കാര്യത്തിൽ ഒരന്തിമ തീരുമാനമെടുത്തു കഴിഞ്ഞിട്ടില്ല.

ഹരിജൻ കോളനികളിൽ വിദ്യുച്ഛക്തിയും ശുദ്ധജലവും വിതരണം

*279 [295] ശ്രീ. എ. നീലലോഹിതദാസൻ നാടാർ:

,, ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സംസ്ഥാനത്തുള്ള എല്ലാ ഹരിജൻ കോളനികളിലും വിദ്യുച്ഛക്തിയും ശുദ്ധജലവിതരണവും നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇനിയും നടപ്പാക്കാൻ എത്ര കോളനികൾ ബാക്കിയുണ്ട്;

(സി) 1979-80 സാമ്പത്തിക വർഷം തീരുന്നതിനു മുമ്പ് കേരള സംസ്ഥാനത്തുള്ള എല്ലാ ഹരിജന കോളനികളിലും താമസിക്കുന്നവർക്കു വീട്, വിദ്യുച്ഛക്തി, ശുദ്ധജലം എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഇല്ല.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) എല്ലാ കോളനി നിവാസികൾക്കും അടുത്ത വർഷം വീടു നൽകാൻ സാദ്ധ്യമാവുകയില്ല. വിദ്യുച്ഛക്തിയും ശുദ്ധജലവും ജനറൽ സെക്ടർ സ്കീമിൽ (മറ്റു ഡിപ്പാർട്ടുമെൻറുകളുടെ പത്തു ശതമാനം വിഹിതത്തിൽ) പെടുത്തി നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

ചാരായ വിതരണം

*280 [296] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സഭയ്ക്കു മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സ്റ്റേറ്റിന് ആവശ്യമുള്ള ചാരായം വിതരണം നടത്തിയതാരാണ്; ഒരു വർഷം സ്റ്റേറ്റിന് ആവശ്യമുള്ള ചാരായം എത്രയാണ്;

(ബി) വരുന്ന വർഷം എന്തടിസ്ഥാനത്തിലാണ് ചാരായം വിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ വിതരണ മാറ്റം കൊണ്ട് ഗവൺമെൻറിന് ഉണ്ടാകുന്ന ലാഭമെന്താണ്; ഇക്കാര്യത്തെ പറ്റി പത്രത്തിൽ വന്ന പരാതികൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനെ സംബന്ധിച്ച് ഗവൺമെൻറിന്റെ അഭിപ്രായം എന്താണ്?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) 1978-1979 സാമ്പത്തിക വർഷത്തേക്ക് സ്റ്റേറ്റിൽ ചാരായം വിതരണം നടത്തിയത് ട്രാവൻകൂർ ഷുഗേഴ്സ് ആൻറ് കെമിക്കൽസ്, തിരുവല്ലാ, മന്നം ഷുഗർ മിൽസ്, പന്തളം, ചിറ്റൂർ കോപ്പറേറ്റീവ് ഷുഗർ മിൽസ്, പാലക്കാട് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ്. 1978 ഏപ്രിൽ ഒന്നു മുതൽ 1979 ജനുവരി മുപ്പത്തിഒന്നു വരെ സ്റ്റേറ്റിൽ 1കോടി 16ലക്ഷത്തി 68ആയിരത്തി ഒരുനൂറ്റി ഒൻപതു ലിറ്റർ (1,16,68,109ലിറ്റർ) ചാരായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) മുൻകൊല്ലങ്ങളിലെ പോലെ തന്നെ ടെൻറർ വിളിച്ച് മേൽ നടപടി സ്വീകരിക്കുന്നതാണ്. 1979-80 സാമ്പത്തിക വർഷത്തേക്ക് സ്റ്റേറ്റിൽ ചാരായ വിതരണത്തിന് ടെൻറർ വിളിച്ചതനുസരിച്ച് പലരും ടെൻറർ സമർപ്പിച്ചിട്ടുണ്ട്. ഇവ ഗവൺമെൻറ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly